**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234** **13-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്വകാര്യതോട്ടങ്ങൾ ഏറ്റെടുക്കാൻ വനംവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. വനം വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഒരു ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. 14/11/2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 483/2018/പി&ഇഎ നമ്പർ പ്രകാരം ഈ പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ 6 വനം ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് 385.31 കോടി രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളത്. |
| (ബി) | ഈ ഭൂമി ഏറ്റെടുക്കുന്നതിന് ഏത് മാനദണ്ഡപ്രകാരമാണ് വില നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ സർവേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാന്റ്സ് ആക്ട്), 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ അല്ലെങ്കിൽ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പാരൻസി ഇൻ ലാന്റ് അക്വിസേഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്റ്റ്, 2013 പ്രകാരമോ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ലക്ഷ്യമാക്കുന്നത്. ഇതിന്റെ ഭാഗമായി ഡിവിഷൻ തലത്തിൽ സ്വകാര്യ എസ്റ്റേറ്റ് ഉടമകളുമായി പ്രാരംഭ ചർച്ചകൾ ആരംഭിക്കുകയും ബന്ധപ്പെട്ട രേഖകളുടെ പരിശോധന നടത്തി വരികയും ചെയ്യുന്നു. ആയത് പൂർത്തീകരിച്ച ശേഷം മാത്രമേ സർവ്വെ നടപടികൾ ഉൾപ്പെടെയുള്ള മറ്റ് നടപടി ക്രമങ്ങൾ ആരംഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ